ഫയൽ നം :C1/8/2024-TC തിയതി : **12-08-2025**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം : 19/2025**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - സംസ്ഥാനത്തെ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തിപ്പുമായി ബന്ധപെട്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നമ്പർ 04/2024 പ്രകാരമുള്ള നിർദ്ദേശങ്ങളിൽ ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ വരുത്തി നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം :-

1. സർക്കുലർ നമ്പർ **4/2024** തീയതി 21.2.2024
2. G.O(Rt) No.170/2024/Trans തീയതി 04/05/2024
3. G.O(Rt) No.181/2024/Trans തീയതി 23/5/2024
4. സർക്കുലർ നമ്പർ 17/2024 തീയതി 30.05.2024
5. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 26.06.2024 ലെ C1/ 8/2024 /TC (part 2) നമ്പർ നിർദേശം.
6. WP(C) No. 10615/2024ലെയും അനുബന്ധ കേസുകളിലെയും ബഹ കേരള ഹൈ കോടതിയുടെ 16/07/ 2025 തീയതിയിലെ ഉത്തരവ്.

ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കാര്യക്ഷമമാക്കുന്നതിനായി പരാമർശം ( 1 ) പ്രകാരമുള്ള സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലർ ചോദ്യം ചെയ്ത് കൊണ്ട് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c) 10615/2024 മറ്റ് ബന്ധപ്പെട്ട കേസുകൾ എന്നിവയിലെ ബഹു കേരള ഹൈക്കോടതിയുടെ 16/07/2025 ലെ വിധി ന്യായത്തിൽ പ്രസ്തുത സർക്കുലറിലെ (Circular No. 4/2024 dated 21.02.2024) താഴെ പറയുന്ന നിർദ്ദേശങ്ങൾ റദ്ദ് ചെയ്തിരുന്നു.

1. മോട്ടോർ സൈക്കിൾ വിത്ത് ഗിയർ എന്ന വിഭാഗത്തിന് ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗിക്കേണ്ടത് കാൽ പാദം കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന ഗിയർ സെലെക്ഷൻ സംവിധാനമുള്ളതും 95CC ക്കു മുകളിൽ എൻജിൻ കപ്പാസിറ്റിയുള്ളതുമായ മോട്ടോർ സൈക്കിൾ ആയിരിക്കണം.

2. ഡ്രൈവിംഗ് സ്കൂൾ ലൈസൻസിൽ ചേർത്തു നൽകുന്ന വാഹനങ്ങളുടെ കാലപ്പഴക്കം 15 വർഷമായി നിജപ്പെടുത്തുന്നു.

3. ലൈറ്റ് മോട്ടോർ വെഹിക്കിൾ വിഭാഗത്തിൽ പെടുന്ന വാഹനങ്ങളുടെ ഡ്രൈവിംഗ് ടെസ്റ്റിനായി ഓട്ടോമാറ്റിക് ഗിയർ / ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ ഉള്ള വാഹനങ്ങളും ഇലക്ട്രിക്ക് വാഹനങ്ങളും ഉപയോഗിക്കാൻ പാടില്ല .

4. ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗിക്കുന്ന മോട്ടോർ ഡ്രൈവിംഗ് സ്കൂളിന്റെ എൽ .എം .വി വിഭാഗത്തിൽ പെടുന്ന വാഹനങ്ങളിൽ ടെസ്റ്റ് റെക്കോർഡ് ചെയ്യുന്നതിനായുള്ള ഡാഷ്ബോർഡ് ക്യാമറയും Vehicle Location Tracking Device (VLTD) ഡ്രൈവിംഗ് സ്കൂൾ ഉടമ വാങ്ങി

ഘടിപ്പിക്കേണ്ടതാണ് . ടെസ്റ്റ് റെക്കോർഡ് ചെയ്ത മെമ്മറി കാർഡ് എം .വി .ഐ കൈവശം വയ്ക്കേണ്ടതും അതിലെ ഡാറ്റാ ഓഫീസിലെ കമ്പ്യൂട്ടറിലേക്ക് മാറ്റിയ ശേഷം മെമ്മറി കാർഡ് തിരികെ നൽകേണ്ടതുമാണ് . ഡാറ്റാ മൂന്ന് മാസകാലയളവിലേക്കു ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ സർക്കുലറിലെ 1,2,3,8 എന്നീ ഖണ്ഡികകൾ ഒഴിവാക്കി പ്രസ്തുത സർക്കുലർ പരിഷ്കരിക്കുന്നു . സർക്കുലർ 4/2024 ലെ മറ്റ് നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .

കൂടാതെ ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച സൂചന (4) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ 17/2024 ലെ രണ്ടാം ഖണ്ഡിക യിലുള്ള നിർദേശവും സൂചന ( 5 ) പ്രകാരമുള്ള കത്തിലെ രണ്ടാം ഖണ്ഡികയിലെ ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളുടെ പ്രായപരിധി സംബന്ധിച്ച നിർദേശവും ഇതോടൊപ്പം പിൻവലിക്കുന്നു.

ഒപ്പ്/-

ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

RAJEEV R

SR. DEPUTY TRANSPORT COMMISSIONER (TAX)

പകർപ്പ്:

Signed by
R Rajeev
Date: 12-08-2025 21:05:02

1 ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡി. റ്റി. സി. (ടാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫീനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2 സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസ്സിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).

3 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. / മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും - ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ള (തുടർ നടപടികൾക്കായി).

4 നോഡൽ ഓഫീസർ (വെബ് സൈറ്റ്) / എസ്. എസ് ജി സെൽ / എം. ഐ. ടി 2സെക്ഷൻ (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിനായി)